LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ C.A.No.3196-3198/14 കേസിലെ ഉത്തരവിനെ തുടർന്ന് ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് നികുതി (ജി) വകുപ്പിന്റെ 6556/G1/14/TD ഫയൽ 26-3-14-ലെ മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ചപ്പോൾ ഈ വിഷയത്തിൽ നിയമവകുപ്പ് മന്ത്രിയുടെ അഭിപ്രായത്തോടുകൂടി മന്ത്രിസഭായോഗം മൻപാകെ വീണ്ടും കൊണ്ടുവരേണ്ടതാണെന്ന് തീരുമാനിച്ചു തുടർന്ന് നിയമവകുപ്പ് സെക്രട്ടറി നൽകിയ അഭിപ്രായത്തോടെ 28-3-2014-ൽ തിരികെ ലഭിച്ച 6556/G1/14/TD നമ്പർ ഫയൽ 2-4-2014-ലെ മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

(സി) 418 ഹോട്ടലുകളുടെ ബാർ ലൈസൻസ് പുതുക്കി നൽകാതിരുന്നതുമായി ബന്ധപ്പെട്ട ജി.ഒ. (എംഎസ്.) 56/14/നി.വ തീർപ്പ് ഫയൽ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എസ്.പി ശ്രീ. ആർ. സുകേശന് 11-5-2015-ൽ നൽകിയിരുന്നു.

(ഡി) ജി.ഒ. (എംഎസ്.) 56/14/നി.വ. തീർപ്പ് ഫയലിലെ 26-3-14-ലെ മന്ത്രിസഭാ യോഗത്തിലെ ഇനം. 1540 തീരുമാനത്തിന്റെയും തുടർന്നുള്ള നികുതി വകുപ്പിലെ കുറിപ്പുകളുടെയും നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും പ്രസക്തമായ ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി {1(a),1(b) &1(c)} ഇതോടൊപ്പം ചേർക്കുന്നു.*

നീര ചെത്തുന്നതിന് അനുമതി

161 (169) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദമാക്കാമോ ;

(സി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23-9-2013-ലെ G.O.(MS)No. 160/2013/TD പ്രകാരം സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. ബോണഫൈഡ് ജാഗറി ഉൽപ്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്കാണ് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ലൈസൻസിന് അർഹതയുള്ളത്.

(ബി) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേര കർഷകരെ സഹായിക്കുന്നതോടൊപ്പം പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായത്തെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിന് സർക്കാർ അനുമതി നൽകിയത്.

(സി) നീര ഉൽപ്പാദനം നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി നീര റൂൾസ് 2014 നിലവിൽ വരികയുണ്ടായി.

മദ്യ-മയക്കുമരുന്ന് വിരുദ്ധ കൂട്ടായ്മയ്ക്ക് സർക്കാർ സഹായം

162 (170) ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെയും നാട്ടുകാരുടെയും കൂട്ടായ്മയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മദ്യമയക്കുമരുന്ന് ഉപഭോഗത്തിനെതിരെ പ്രതിരോധം തീർക്കുകയും ചില കോളനികളും വാർഡുകളും മദ്യവിമുക്തമാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കൂട്ടായ്മയ്ക്ക് എക്സൈസ്/പോലീസ് വിഭാഗങ്ങളിൽ നിന്നും എന്തൊക്കെ സേവനങ്ങളും സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സർക്കാരിന്റെ മദ്യനയം വിജയിപ്പിക്കുന്ന കാര്യത്തിൽ ഇത്തരം സാമൂഹ്യ കൂട്ടായ്മകൾക്ക് എല്ലാവിധ സഹായവും സുരക്ഷയും നൽകാൻ നടപടി സ്വീകരിക്കുമോ ?